**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2491** **14.06.2019 -ൽ മറുപടിക്ക്**

## സാഹസിക ടൂറിസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | നടപ്പ് സാമ്പത്തികവർഷം ടൂറിസം വകുപ്പിന് അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ട് എത്ര രൂപയാണ്; | എ) | 2019-20 സാമ്പത്തിക വർഷം ടൂറിസം വകുപ്പിന് 372.37 കോടി രൂപ പ്ലാൻ ഫണ്ടായി അനുവദിച്ചിട്ടുണ്ട്. |
| ബി) | സാഹസിക ടൂറിസം പരിപാടി കൾക്ക് 2019-20-ൽ എത്ര രൂപ നീക്കിവച്ചിട്ടുണ്ട്; | ബി) | സാഹസിക ടൂറിസം പരിപാടികൾക്കായി 2019-20 സാമ്പത്തിക വർഷത്തിൽ പ്രത്യേകമായി തുകയൊന്നും നീക്കിവെച്ചിട്ടില്ല. എന്നാൽ വിനോദസഞ്ചാര കേന്ദ്ര ങ്ങളിലെ പശ്ചാത്തല സൗകര്യമൊരുക്കൽ, നിലവാരം മെച്ചപ്പെടുത്തൽ എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്ന തുക പ്രയോജനപ്പെടുത്തി അനുയോജ്യമായ സാഹസിക ടൂറിസം പദ്ധതികൾക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണ്. |
| സി) | ഇടുക്കി ജില്ലയിൽ സാഹസിക ടൂറിസം പദ്ധതികൾക്ക് ഡി.റ്റി.പി.സി. വഴി പ്രോത്സാഹനം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | സി) | അനുയോജ്യമായ പദ്ധതി പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഉപയോഗത്തിനായി സ്ഥലത്തിന്റെ ലഭ്യതയും പരിശോധിച്ച് സാഹസിക ടൂറിസം പദ്ധതികൾ ഇടുക്കി ജില്ലയിൽ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്ന താണ്. |

സെക്ഷൻ ഓഫീസർ.